**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - മലപ്പുറം നഗരസഭ- മുനിസിപ്പൽ സെക്രട്ടറി ശ്രീ ബിനു ഫ്രാൻസിസിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി- അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.1143/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.06.19.

പരാമർശം :-
1. ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ15.07.2015 തീയതിയിലെ സി.റ്റി.പി/വിജി/525/15 നമ്പർ പരിശോധനാ റിപ്പോർട്ട്.
2. 28.06.2017 തീയതിയിലെ 108535/ഇ.യു.1/16/ത.സ്വ.ഭവ നമ്പർ കുറ്റാരോപണ മെമ്മോ
3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ബിനു ഫ്രാൻസിസ് സമർപ്പിച്ച 17.01.2018 തീയതിയിലെ മറുപടി.
4. നഗരകാര്യ ഡയറക്ടറുടെ 29.11.2018 തീയതിയിലെ വി.2-17062/17/നമ്പർ കത്ത്.
5. ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) 05.01.2019 തീയതിയിലെ സി.ടി.പി വിജ്/963/18 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

മലപ്പുറം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ ബിനു ഫ്രാൻസിസ് മലപ്പുറം വില്ലേജ് റീ സർവ്വേ നമ്പർ 450/7-ൽ പ്പെട്ട സ്ഥലത്ത് ബ്ലോക്ക് 3, ബ്ലോക്ക് 4 എന്നിങ്ങനെ രണ്ട് വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ശ്രീ അബ്ദുൾ അസീസ് മുതൽ പേർക്ക് 03.09.13-തീയതിയിൽ ബി.എ 68/13-14 നമ്പർ ഫയൽ പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘനമുള്ളതായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) 25.06.2015-തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതിനെത്തുടർന്ന് ടിയാന് സൂചന രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി.

2. ടി കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ ബിനു ഫ്രാൻസിസ് സമർപ്പിച്ച പരാമർശം മൂന്നിലെ മറുപടിയിൽ മലപ്പുറം നഗരസഭ വാർഡ് 24-ൽ ശ്രീ അബ്ദുൾ അസീസ് എന്നവർക്ക് നിലവിലുള്ള വാണിജ്യ കെട്ടിടത്തോട് 510.5 ച.മീ തറ വിസ്തൃതിയിൽ കൂട്ടിച്ചേർക്കൽ നടത്തുന്നതിനുള്ള നിർമ്മാണാനുമതി നൽകുന്നതിലേക്കായി 04.06.2013-തീയതിയിൽ ടിയാൾ നൽകിയ അപേക്ഷ ഒന്നാം ഗ്രേഡ് ഓവർസിയർ പരിശോധിച്ച് നിയമാനുസൃതമാണെന്ന്, 29.06.2013-തീയതിയിൽ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ എഞ്ചിനീയർ 08.07.2013-തീയതിയിൽ ഫയൽ പരിശോധിക്കുകയും നിർദ്ദിഷ്ട നിർമ്മാണത്തിനുള്ള ഫയർ & റെസ്ക്യൂ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം 30.08.2013-ന് നൽകിയിട്ടുള്ളതും തുടർന്ന് വീണ്ടും സ്ഥലം

പരിശോധിച്ച് നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും അനുമതി നൽകുന്നതിന് ഒന്നാം ഗ്രേഡ് ഓവർസിയർ ശുപാർശചെയ്യുകയുണ്ടായിയെന്നും അപേക്ഷകൻ പെർമിറ്റ് ഫീ 10350/- രൂപ 28.09.2013-തീയതിയിൽ ഒടുക്കിയ ശേഷം മുനിസിപ്പൽ എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 01.10.2013-തീയതിയിൽ ബി.എ-68/2013-14 നമ്പർ ഫയലിൽ അനുമതി ഒപ്പ് വച്ച് നൽകിയതെന്നും ശ്രീ ബിനു ഫ്രാൻസിസ് വ്യക്തമാക്കിയിരിക്കുന്നു.

3. മലപ്പുറം നഗരസഭയിൽ നേരിട്ട് പരിശോധന നടത്തിയും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ശ്രീ അബ്ദുൾ അസീസ് എന്നവർക്ക് മലപ്പുറം നഗരസഭ വാർഡ് 24-ൽ നിലവിലുള്ള വാണിജ്യ കെട്ടിടത്തോട് 510.5 ച.മീ. തറ വിസ്തൃതിയിൽ കൂട്ടിച്ചേർക്കൽ നടത്തുന്നതിനുള്ള നിർമ്മാണാനുമതി നൽകിയതെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

4. മേൽ കെട്ടിട നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് 25.08.2015-ലെ 11769/ആർ.ബി3/2015/തസ്വഭവ നമ്പർ സർക്കാർ കത്ത് പ്രകാരം നഗരസഭയ്ക്ക് നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 08.02.2016-തീയതിയിൽ നഗരസഭാ സെക്രട്ടറി പ്രസ്തുത നിർമ്മാണ പെർമിറ്റ് റിവോക്ക് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. പ്ലാനിലെ ചട്ടലംഘനങ്ങൾ സംബന്ധിച്ച് പെർമിറ്റ് ഉടമയ്ക്ക് നോട്ടീസ് നൽകുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ പെർമിറ്റ് റദ്ദാക്കുകയുമായിരുന്നുവെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം റിപ്പോർട്ട് ചെയ്തു.

5. മേൽ പെർമിറ്റ് അനുവദിച്ചതിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരായ ഒന്നാം ഗ്രേഡ് ഓവർസിയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ പരിശോധിച്ച് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചതെന്ന ശ്രീ ബിനു ഫ്രാൻസിസിന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും 27.06.10-ലെ 36587/ആർ.എ1/09/തസ്വഭവ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ടിയാനെ തുടർനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ ശുപാർശ ചെയ്തതായും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ഈ വിഷയം സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ലഭ്യമാക്കിയ റിപ്പോർട്ടിൽ നിർദ്ദിഷ്ട നിർമ്മാണം മലപ്പുറം നഗരസഭയ്ക്കായി തയ്യാറാക്കിയ സർക്കാർ അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരവും, അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതിയായ കോട്ടപ്പുറം ഡി.ടി.പി സ്കീം പ്രകാരവും കച്ചവട ആവശ്യത്തിനായി ഒഴിച്ച് നിർത്തിയ മേഖലയിൽ (കൊമേഴ്സ്യൽ സോൺ) ഉൾപ്പെടുന്നതായും ചട്ടം 56(1 എ) പ്രകാരം ഈ മേഖലയിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർശ്വാങ്കണങ്ങൾ (സൈഡ് യാർഡ്) ഉണ്ടായിരിക്കണമെന്നില്ലായെങ്കിലും കെട്ടിടത്തിന്റെ വശങ്ങളിൽ ജനാലയോ, വെന്റിലേറ്ററോ മറ്റ് കവാടങ്ങളോ ഉള്ള പക്ഷം ആ വശത്ത് 1.50 മീ തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണെന്നും ആയത് നൽകിയിട്ടുള്ളതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മേൽ അനുമതി നൽകിയ പ്ലാനുകളിൽ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളായ 24(2)-കെട്ടിടങ്ങൾ തമ്മിലുള്ള അകലം, 34(1)

കാർ പാർക്കിംഗ് (അളവുകളിൽ വ്യത്യാസം), 56(7)-ശുചീകരണ സൗകര്യങ്ങൾ, 40(എ)-അംഗ പരിമിതർക്കായുള്ള ശൗചാലയത്തിന്റെ അളവുകൾ എന്നിവ ലംഘിച്ചുകൊണ്ടാണ് നിർമ്മാണാനുമതി നൽകിയിരിക്കുന്നത് എന്നും രേഖപ്പെടുത്തിയിരിയ്ക്കുന്നു. 2013-ൽ അനുമതി നേടിയിരുന്നെങ്കിലും 2015-ലും നിർമ്മാണം ആരംഭിച്ചിരുന്നില്ലായെന്നും 08.02.2016-ൽ പരാമർശിത ബിൽഡിംഗ് പെർമിറ്റ് റിവോക്ക് ചെയ്തുകൊണ്ട് കെട്ടിട ഉടമയ്ക്ക് അറിയിപ്പ് നഗരസഭയിൽ നിന്നും നൽകിയിട്ടുള്ളതായും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരാമർശം അഞ്ച് പ്രകാരം റിപ്പോർട്ട് ചെയ്തു.

7. കുറ്റാരോപണ മെമ്മോയ്ക്ക് നഗരസഭാ സെക്രട്ടറി ശ്രീ ബിനു ഫ്രാൻസിസ് ലഭ്യമാക്കിയ മറുപടിയുടേയും നഗരകാര്യ ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കെട്ടിട നിർമ്മാണ ചട്ട പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിയ്ക്കുന്നതിനും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണെങ്കിലും 27.06.2010-ലെ തീയതിയിലെ 36587/ആർ.എ 1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സ്ഥലം പരിശോധിച്ച സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ ശുപാർശ പ്രകാരം അനുവദിച്ച ബിൽഡിംഗ് പെർമിറ്റിന്റെ ചട്ടലംഘനത്തിന് സ്ഥലം പരിശോധിച്ച ഉദ്യോഗസ്ഥർക്കാണ് പ്രാഥമികമായ ഉത്തരവാദിത്വം. ആയതിനാൽ നഗരസഭാ സെക്രട്ടറിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച വന്നതായി ആരോപിയ്ക്കാൻ സാധിക്കുകയില്ല. പ്രസ്തുത സാഹചര്യത്തിൽ മലപ്പുറം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ബിനു ഫ്രാൻസിസിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ഭാവിയിൽ ഇത്തരം ഫയലുകൾ കൈകാര്യം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന കർശനമായ താക്കീത് നൽകി, അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീ ബിനു ഫ്രാൻസിസ്, മലപ്പുറം നഗരസഭാ മുൻ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.